അയക്കണമെന്നു പറഞ്ഞു മുൻമന്ത്രി ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും അദ്ദേഹം നിർദ്ദേശം കൊടുത്തതനുസരിച്ച് പ്രൈസ് പ്രിൻസിപ്പൽ യൂണിവേഴ്സിറ്റിക്ക് എഴുതുകയും യൂണിവേഴ്സിറ്റി ഡീൻ അതു പരിശോധിച്ചതിനുശേഷം ഈ മാതിരി ശുപാർശകൾ ചെയ്യുന്നതിന് പ്രിൻസിപ്പലിന്റെ പേരിൽ നടപടിയെടുക്കണമെന്ന് യൂണിവേഴ്സിറ്റിയോടു ശുപാർശചെയ്യുകയും ചെയ്തതു ശരിയാണോ ?

ശ്രീ. ഒ. കോരൻ: അങ്ങനെയെല്ലാം ഉണ്ടായതായി അറിവില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള നടപടിമാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ സെഷണൽ മാർക്ക് കൊടുക്കാനുള്ള പരിപൂർണ്ണമായ അധികാരം കാളേജ് അധികാരികൾക്കുള്ളതാണ്. ഒരാൾ ഒരു സബ്ജക്ടിനും മറെറാരാൾ മറെറാരു സബ്ജക്ടിനും തോറെറപ്പോൾ സെഷണൽ മാർക്ക് കൊടുത്ത് വിജയിപ്പിക്കുകയാണ് ചെയ്തത്. വേറെ എന്തെങ്കിലും അവിഹിതനടപടിയുണ്ടായതായി കാണാൻ സാധിക്കുന്നില്ല. ഈ വിധത്തിൽ മാത്രമേ നടന്നുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ; സെഷണൽ മാർക്കു കൊടുക്കണമെന്നു പറയുന്നതും പരീക്ഷയിൽ ജയിപ്പിക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതും ഗവൺമെൻറാണോ, അതോ യൂണിവേഴ്സിറ്റിയാണോ, ഇതിൽ ഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ചാണോ മാർക്കു കൊടുക്കാൻ പറഞ്ഞത് ?

ശ്രീ. ഒ. കോരൻ: യൂണിവേഴ്സിറ്റിയാണ് തീരുമാനിക്കുന്നത്.

നദീതടപദ്ധതികൾ

* 75. [295] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ :

(എ) മറെറ സംസ്ഥാനങ്ങളും കേരളവും ചേർന്നുള്ള എത്ര നദീതടപദ്ധതികൾ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നു ;

(ബി) എത്ര തുടങ്ങേണ്ടതായി തീരുമാനിക്കപ്പെട്ടിട്ടുണ്ട് ;

(സി) ഷിറുവാണിയുടെ പണി ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണ്?

തൊഴിലും വ്യവസായവും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ) :

(എ, ബി) മറെറ സംസ്ഥാനങ്ങളും കേരളവും ചേർന്ന് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളൊന്നും ഇപ്പോഴില്ല.

(സി) ഈ പദ്ധതിസംബന്ധിച്ച് കേരളവും തമിഴ്നാടു ഗവൺമെൻറും തമ്മിലുള്ള കരാർ ഒപ്പുവച്ചുകഴിഞ്ഞിട്ടില്ല. ഒപ്പുവച്ചു കഴിഞ്ഞതിനുശേഷം പണിയാരംഭിക്കുന്നതാണ്.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ പദ്ധതിയുടെ പണിയെ സംബന്ധിച്ചിടത്തോളം നമ്മുടെ ഡിസൈനും എസ്റിമേറും തയ്യാറാക്കിക്കൊടുക്കാത്തതിലും എഗ്രിമെൻറുണ്ടാക്കാൻ താൽപ്പര്യം കാണിക്കാത്തതുമാണ് ഏറെറവും വലിയ കുഴപ്പമെന്ന് മറെറ സംസ്ഥാനങ്ങൾ പരാതിപ്പെടുന്നുണ്ട്. എഗ്രിമെൻറ് ഒപ്പിടാൻ എന്താണ് തടസ്സം?

ശ്രീ. പി. രവീന്ദ്രൻ : പണി കേരള ഗവൺമെൻറു ചെയ്യണമെന്നും ഇതിന്റെ ഡിസൈനും എസ്റിമേറും ഒക്കെ തമിഴ്നാട് ഗവൺമെൻറു തയ്യാറാക്കണമെന്നുമാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഡിസൈൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കി മദിരാശി ഗവൺമെൻറ് കേരള ഗവൺമെൻറിന് അയച്ചു കൊടുത്തിട്ടുണ്ട്. കേരള ഗവൺമെൻറ് അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണുചെയ്യുന്നത്. 10-5-68-ൽ നടന്ന തമിഴ്നാടും കേരളവും മുഖ്യമന്ത്രിമാരുടെ ചർച്ചകളുടെ അടിസ്ഥാനത്തിൽ മിക്കവാറും എല്ലാ കാര്യങ്ങളിലും ഒത്തുതീർപ്പുണ്ടായിട്ടുണ്ട്. ഇതിന്റെ ചെലവിൽ ഏതു അനുപാതക്രമമനുസരിച്ച് കേരളവും തമിഴ്നാടും വഹിക്കണമെന്നുള്ളതിനെ സംബന്ധിച്ചും അളിയാറിലെ വെള്ളം ചിറ്റൂർ പുഴയിലേയ്ക്ക് കൊടുക്കുന്നതിനെസംബന്ധിച്ചും ഈ കരാർ എത്രകൊല്ലത്തിനുള്ളിൽ പുതുക്കണമെന്നുള്ളതിനെ സംബന്ധിച്ചും കേരളത്തിൽനിന്ന് കൊടുക്കുന്ന മണ്ണിന് എന്തു വില നിശ്ചയിക്കണമെന്നുള്ളതിനെ സംബന്ധിച്ചും ഇതുവരെ അവസാന തീരുമാനമായിട്ടില്ല. ആ തീരുമാനങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരുടെ ചർച്ചകളിൽ ചിലതെല്ലാം കഴിഞ്ഞു. വളരെ താമസിയാതെ ഈ എഗ്രിമെൻറ് ഒപ്പിടാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. എഗ്രിമെൻറിന്റെ ഡ്രാഫ്റ്റ് ഇതിനകം തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. കെ കെ. കുമാരപിള്ള: ഈ നദീതടപദ്ധതിയെ സംബന്ധിച്ചുള്ള കരാറിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 10-5-68-ൽ അതിനെ സംബന്ധിച്ച മിക്ക കാര്യങ്ങളിലും യോജിപ്പിലെത്താൻ കഴിഞ്ഞതാണ്. ഇന്ന് എന്താണ് സ്ഥിതിയെന്നുള്ളത് എല്ലാവർക്കുമറിയാം ഇതിന്റെ കണക്കുകൂട്ടിപ്പെടുത്തുക എന്നുള്ളതിനപ്പുറം ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ട് അടിയന്തിരമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ക്ഷമിക്കണം. സർ, ഞാൻ 10-5-68 എന്നാണ് പറഞ്ഞത്. 10-5-69-ൽ മുഖ്യമന്ത്രിമാരുടെ ചർച്ച നടന്നശേഷം ആ വർഷത്തിൽത്തന്നെ ജൂണിലും ജൂലായിലും ചർച്ചകൾ നടന്നിട്ടുണ്ട്. ഒരിക്കൽ തിരുവനന്തപുരത്തുവച്ചും മറെറാരു സന്ദർഭത്തിൽ മദ്രാസിൽവച്ചും, ഇതിനെ സംബന്ധിച്ചുള്ള ഉദ്യോഗസ്ഥൻമാരുടെ ചർച്ചകൾ നടന്നു. ഡിസൈനും മറ്റും തയ്യാറാക്കി കേരള ഗവൺമെൻറിനു മദ്രാസ് ഗവൺമെൻറ് അയച്ചുതന്നപ്പോൾ താമസിച്ചു. അതു കിട്ടിയശേഷം ഉദ്യോഗസ്ഥൻമാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വളരെ കടുത്ത അനാസ്ഥ ഉണ്ടായതായി ഫയലിൽ കാണുന്നില്ല. ഒരുദിവസം ഇതിനെ സംബന്ധിച്ച് ചില ചർച്ചകൾ നടന്നിട്ടുണ്ട്. വളരെ വേഗം എഗ്രിമെൻറ് തയ്യാറാക്കാനും ഒപ്പിടാനും അതനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിയുമെന്ന് ഗവൺമെൻറ് കരുതുന്നു. ഇക്കാര്യത്തിൽ യാതൊരു ഉദാസീനതയും ഉണ്ടാകുകയില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : നദീജലപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഒപ്പുവച്ചുകഴിഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ സംഗതികൾ നിൽക്കുമ്പോൾ തമിഴ്നാട് ഗവൺമെൻറ് ഈ കരാറിനോട് ബന്ധപ്പെട്ട നീരൂരിൽ ഡാം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നുമുള്ള സംഭ്രമജനകമായ ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു? അതുപോലെതന്നെ അതുമായി ബന്ധപ്പെട്ട കുറിയാർകുട്ടി പദ്ധതിയെസംബന്ധിച്ചിടത്തോളം കേരള ഗവൺമെൻറിനു എന്തുകൊണ്ട് അതുമാതിരിയുള്ള നടപടികൾ സ്വീകരിച്ചുകൂടെ എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ : സംഭ്രമജനകമായ ചില റിപ്പോർട്ടുകൾ പത്രത്തിൽ വന്നു എന്നാണെന്റെ വിശ്വാസം. ഇതുസംബന്ധിച്ച് ഒരു അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ഇപ്പോൾ ഉത്തരം പറയാൻ കഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ : കിട്ടിയിട്ടുള്ള വിവരങ്ങൾവച്ചുകൊണ്ടാണെങ്കിൽ പറയാം. അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചിട്ടില്ല. ചില വിവരങ്ങൾമാത്രമേ കിട്ടിയിട്ടുള്ളു.

ശ്രീ. കെ. എ. ശിവരാമഭാരതി : അടിയന്തിരപ്രമേയം വന്നിട്ടുള്ളത് ശിരുവാണിയെ സംബന്ധിച്ചാണ്. ഞാൻ ഇന്ന് ഇവിടെ ഒരു അടിയന്തിരപ്രമേയം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. രവീന്ദ്രൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് വളരെവേഗം അന്വേഷണം നടത്തുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : മറ്റു സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിൽ നിർമ്മിക്കുന്ന പദ്ധതികളുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ നമ്മുടെ ഗവൺമെന്റിന്റെ കീഴിലായിരിക്കണമെന്ന് എസ്റ്റിമേറ്റുകമ്മിറ്റി ശുപാർശചെയ്തിട്ടുണ്ട്. ആ കാര്യത്തിന് ഈ ഗവൺമെന്റ് പരിഗണന നൽകുന്നുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ : എസ്റ്റിമേറ്റുകമ്മിറ്റി അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷേ ഇതിനുമുൻപു നടന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിലും ഇപ്പോൾ നടന്ന ഉദ്യോഗസ്ഥൻമാരുടെ സമ്മേളനത്തിലുമെല്ലാം പൊന്തിവന്നത് മറ്റൊരഭിപ്രായമാണ്. ഇതിന്റെ ചുമതല വഹിക്കുന്നത് രണ്ടു സംസ്ഥാനങ്ങളിലെയും ഇഞ്ചിനീയർമാർ അടങ്ങുന്ന ഒരു ബോർഡായിരിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. എസ്റ്റിമേറ്റുകമ്മിറ്റിയുടെ ശുപാർശ പരിശോധനയ്ക്കു വിധേയമാക്കാവുന്നതാണ്.

ശ്രീ. എം. കെ. എ. ഹമീദ് : സംസ്ഥാനങ്ങൾ തമ്മിലുള്ള നദീതട പദ്ധതികളെസംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരസ്പരം ചർച്ചനടത്താനായി കേന്ദ്രമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സമ്മേളനം നടക്കാനിടയുള്ളതായി പത്രത്തിൽ കണ്ടു. ആ സമ്മേളനത്തിൽ കേരളവും പങ്കെടുക്കുന്നുണ്ടോ ? കേരളവും മദ്രാസും, കേരളവും മൈസൂറും തമ്മിലുള്ള പദ്ധതികളെക്കുറിച്ചു ചർച്ചനടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. രവീന്ദ്രൻ : മുഖ്യമന്ത്രിമാരുടെ സമ്മേളനം മുൻപു നടന്നതുതന്നെ കേന്ദ്ര ഇറിഗേഷൻമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ്. ഇപ്പോഴും അതു നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. വളരെ താമസിയാതെതന്നെ ഈ എഗ്രിമെന്റ് ഒപ്പിടാൻ കഴിയുമെന്നാണ് വിശ്വാസം.

ശ്രീ. എ. പി. കുര്യൻ : ഡ്രാഫ്റ്റ് എഗ്രിമെന്റിലെ പല വ്യവസ്ഥകളും നമ്മുടെ സംസ്ഥാനത്തെസംബന്ധിച്ചിടത്തോളം വ്യത്യസ്തമാണെന്നും അതു ഫൈനലൈസുചെയ്ത് നടപ്പിൽവന്നുകഴിഞ്ഞാൽ ഇപ്പോൾ കിട്ടുന്ന വെള്ളം കുറയുമെന്ന വിവരം അറിയുന്നുണ്ട്. ഉദാഹരണത്തിന് ചാലക്കുടി ഡാമിൽ ഷോളയാർ നദിയിൽ ഫെബ്രുവരിമാസം 1—ാംതീയതിവരെ ഒരു റിസർവോയർ വെള്ളം മാത്രമേ തരാൻ സാധ്യതയുള്ളു എന്നറിയുന്നു. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ഇതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങളും ചർച്ചചെയ്യാൻ, ആശങ്കകൾക്കു പരിഹാരംകാണാൻ ശ്രമിക്കുമോ ?

ശ്രീ. പി. രവീന്ദ്രൻ : ആശങ്കകളുടെയെല്ലാം അടിസ്ഥാനത്തിലാണ് എഗ്രിമെന്റ് ഫൈനലൈസുചെയ്യുന്നതിനുള്ള ചർച്ച നടക്കുന്നത്. ഈ ആശങ്കകളൊക്കെ മനസ്സിൽവച്ചുകൊണ്ടായിരിക്കും കരട് പൂർത്തിയാക്കുന്നത്. വളരെ താമസിയാതെതന്നെ അതായത് ഫെബ്രുവരി 2-ാം തീയതി യൂണിയൻ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിനെ സംബന്ധിച്ചുള്ള ചർച്ചകൂടി നടക്കുന്നുണ്ട്. കേരളത്തിനു യാതൊരുവിധത്തിലും ദോഷംവരാത്തവിധത്തിൽ കരടു പൂർത്തിയാക്കാൻ കഴിയുമെന്നാണു വിശ്വസിക്കുന്നത്.

ശ്രീ. എ. പി. കുര്യൻ : ഞാൻ പറഞ്ഞത് ചാലക്കുടിനദിയിൽ ഈ കരാർ ഫൈനലൈസുചെയ്താൽ ഇപ്പോഴത്തെ ലഭിക്കുന്ന വെള്ളത്തിന്റെ അളവു കുറയുമെന്നാണ്. അതു പരിഗണിച്ച്.....

ശ്രീ. പി. രവീന്ദ്രൻ : തീർച്ചയായിട്ടും കേരളത്തിന്റെ താൽപ്പര്യങ്ങൾക്കു മുൻഗണനകൊടുത്തുകൊണ്ടുതന്നെയായിരിക്കും ഈ ചർച്ചകൾ നടക്കുന്നത്.

ശ്രീ. എ. പി. കുര്യൻ ; എന്റെ ചോദ്യത്തിന് മറുപടിയില്ല. ഒരു പ്രത്യേക പ്രശ്നത്തെക്കുറിച്ചാണ് ചോദിച്ചത്.

മി. സ്പീക്കർ : കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുമ്പോൾ ഇതെല്ലാം പരിഗണിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

ശ്രീ. എ. പി. കുര്യൻ; നമുക്കു ലഭിക്കുന്ന വെള്ളത്തിന്റെ അളവു കുറയുന്നതുകൊണ്ട് അക്കാര്യം പരിഗണിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. രവീന്ദ്രൻ: അതു മുഴുവൻ പരിശോധിച്ചതിനുശേഷമായിരിക്കും ഈ കരാറിൽ ഒപ്പുവയ്ക്കുന്നത്. കേരളത്തിന്റെ താൽപര്യത്തിനു ഒരുതരത്തിലും കോട്ടംവരാത്തവിധത്തിലായിരിക്കും കരാറിൽ ഒപ്പുവയ്ക്കുന്നത്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: കേരളവും മൈസൂരും കൂടി നടപ്പാക്കേണ്ട വാരാപ്പുഴ പദ്ധതിയുടെ സ്ഥിതി എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പീ. രവീന്ദ്രൻ: പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : മൈസൂർ സ്റ്റേറ്റിന്റെ താമസം മൂലം വയനാട്ടിലെ പദ്ധതിക്ക് വല്ല തടസ്സവും ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടികളെടുക്കുമോ;

ശ്രീ. പി. രവീന്ദ്രൻ: അതെപ്പറ്റിയുള്ള കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതേയുള്ളു.

ശ്രീ. ഇ. അഹമ്മദ്: മൈസൂർ ഗവൺമെന്റും നമ്മുടെ ഗവൺമെന്റുമായുള്ള പദ്ധതികളെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ടോ, അതിന്റെ സ്ഥിതി എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: അതിനെ സംബന്ധിച്ചു ചില ചർച്ചകളും നടന്നിട്ടുണ്ടു. കൂടുതൽ ചർച്ചകളും നടത്താമെന്നു തീരുമാനിച്ചശേഷമാണു അന്നു പിരിഞ്ഞതു.

ശ്രീ. ആർ. എസ്. ഉണ്ണി: പറമ്പിക്കുളം അലിയാർ പ്രോജക്റ്റിനു മദ്രാസ് ഗവൺമെൻറു തരാമെന്നു പറഞ്ഞിട്ടുള്ളതു തരാതിരിക്കുന്നു എന്നുള്ള പരാതിയുണ്ടു. കണക്കനുസരിച്ചുള്ള വെള്ളം കിട്ടുന്നതിനുള്ള ഏർപ്പാടുണ്ടോ, പുതിയ കരാറിൽ അതിനുള്ള വ്യവസ്ഥയുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: ഈ പ്രശ്നവും വരുന്ന ഫെബ്രുവരി 2–ാം തീയതി ചർച്ചചെയ്യുന്നതാണു.

മന്ത്രിമാരുടെ സ്വത്തുക്കളും സംബന്ധിച്ചുള്ള വിവരം

* 76. [296] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരമേറ്റെടുത്തപ്പോൾ എല്ലാ മന്ത്രിമാരും അവരുടെ സ്വത്തുക്കളും സംബന്ധിച്ചുള്ള വിവരം മുഖ്യമന്ത്രിക്കു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആ വിവരങ്ങളും പ്രസിദ്ധപ്പെടുത്താമോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: മന്ത്രിമാർ സത്യപ്രതിജ്ഞചെയ്തു അധികാരമേറ്റെടുക്കുമ്പോൾ അവരുടെ സ്വത്തുവിവരം പ്രസിദ്ധപ്പെടുത്തുക എന്നുള്ളതു നിർബന്ധമാക്കുന്നതായിട്ടു എന്തെങ്കിലും വ്യവസ്ഥ കൊണ്ടുവരാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അതെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: മന്ത്രിസഭ അധികാരമേറ്റെടുത്തു ഇത്രയും കാലമായിട്ടും മന്ത്രിമാരുടെ സ്വത്തുവിവരം മുഖ്യമന്ത്രിക്കു നൽകുന്നതിനുള്ള കാലതാമസത്തിനു എന്താണു കാരണം?

ശ്രീ. പി. രവീന്ദ്രൻ: കാലതാമസത്തിനു പ്രത്യേക കാരണമില്ല. അതിനെ സംബന്ധിച്ചു ഗവൺമെൻറ് ആലോചിച്ചിട്ടില്ലെന്നാണു ഞാൻ പറഞ്ഞതു.

ശ്രീ. കെ. കരുണാകരൻ: മുൻമന്ത്രിമാർ അവരുടെ സ്വത്തു വിവരങ്ങളും വെളിപ്പെടുത്തണമെന്നു ഈ സഭയിൽ ആവശ്യമുന്നയിക്കപ്പെട്ടിട്ടുള്ളതാണു. മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ആക്ഷേപമുണ്ടാകാതിരിക്കാനും അവരുടെ പൊതുജീവിതം ശുദ്ധമാക്കാനും ആവശ്യമായ ഈ നടപടി ഒട്ടും വൈകാതെ ശേഖരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതിനു ഗവൺമെൻറിനു യാതൊരു മടിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly